## പതിനാലാം കേരള നിയമസഭ

## പതിനെട്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 555 — 04.02.2020- ൽ മറുപടിക്ക്

### വ്യവസായ മേഖലയിൽ യുവജനങ്ങൾക്കായി പദ്ധതികൾ

| ചോദ്യം<br>ശ്രീ.വി. ജോയി | ഉത്തരം<br>ശ്രീ. ഇ.പി.ജയരാജൻ<br>(വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പ് മന്ത്രി) |
|---|---|
| വ്യവസായ മേഖലയിൽ യുവജനങ്ങളെ സഹായിക്കുന്നതിന് എന്തെല്ലാം പദ്ധതികളാണ് ഈ സർക്കാർ ആവിഷ്ക്കരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ? | യുവാക്കളിൽ വിദ്യാഭ്യാസത്തോടൊപ്പം സംരംഭക സംസ്കാരം കൂടി വളർത്തിയെടുക്കുന്നതിലേക്കായി സ്കൂളുകൾ, കോളേജുകൾ ഉൾപ്പെടെയുള്ള വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ വ്യവസായ വകുപ്പ് മുഖേന സംരംഭകത്വ വികസന ക്ലബുകൾ സ്ഥാപിക്കുകയും ആയതിന്റെ പ്രവർത്തനത്തിനായി പ്രതിവർഷം 20,000 രൂപ ധനസഹായവും അനുവദിച്ച് വരുന്നുമുണ്ട്. 2020 ജനുവരിയിൽ പ്രസ്തുത ക്ലബുകൾ നിർമ്മിച്ച ഉല്പന്നങ്ങൾ പ്രദർശിപ്പിക്കുന്നതിനും, പുതിയ ആശയങ്ങൾ അവതരിപ്പിക്കുന്നതിനുമായി ENLIGHT 2020 എന്ന പേരിൽ ആദ്യമായി സംരംഭകത്വ വികസന ക്ലബ് കോൺക്ലേവ് സംഘടിപ്പിച്ചു.<br>വ്യവസായ വകുപ്പ് നടപ്പിലാക്കി വരുന്ന സംരംഭക സഹായ പദ്ധതി പ്രകാരം യുവാക്കളായ സംരംഭകർക്ക് ജനറൽ വിഭാഗത്തിന്റെ 15% സബ്സിഡിക്ക് പുറമെ 5% അധിക സബ്സിഡി നൽകി വരുന്നു. നാനോ വ്യവസായങ്ങൾക്കുള്ള പലിശ സബ്സിഡി ജനറൽ വിഭാഗത്തിന് 6% വും യുവാക്കൾക്ക് 8% ആണ് നൽകി വരുന്നത്.<br>കേരളത്തിലെ യുവ സംരംഭകരുടെ നൂതനവും വ്യത്യസ്തവും, പ്രായോഗികവും, വിപണനയോഗ്യവുമായ ആശയങ്ങൾ പ്രോത്സാഹിപ്പിക്കുന്നതിന് വേണ്ടി കെ.എസ്.ഐ.ഡി.സി മുഖേന ആവിഷ്കരിച്ചിരിക്കുന്ന ധനസഹായ പദ്ധതിയാണ് പ്രാരംഭ മൂലധന സഹായം (സീഡ് ഫണ്ട് സഹായം). ഈ ഇനത്തിൽ ലഭിക്കാവുന്ന പരമാവധി ധനസഹായം മൊത്ത നിക്ഷേപത്തിന്റെ 90 ശതമാനമോ അല്ലെങ്കിൽ 25 ലക്ഷം രൂപയോ ഇവയിൽ ഏതാണോ കുറവ് അതായിരിക്കും. പ്രസ്തുത പദ്ധതിയിൽ കെ.എസ്.ഐ.ഡി.സി ഇതു വരെ 109 യുവ സംരംഭങ്ങൾക്ക് 22.84 കോടി രൂപ മൂലധന സഹായം അനുവദിക്കുകയുണ്ടായി. പ്രസ്തുത സ്റ്റാർട്ടപ് സംരംഭങ്ങൾക്കെല്ലാം അവരുടെ ആവശ്യാനുസരണം കൃത്യമായ ഇടവേളകളിൽ മാർഗ നിർദേശ സെമിനാറുകളും ചർച്ചാ യോഗങ്ങളും നടത്തി വരുന്നുണ്ട്. |

സെക്ഷൻ ഓഫീസർ